# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 13 — 27.02.2017 – ൽ മറുപടിക്ക്

## ഭക്ഷ്യഭദ്രതാ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി സി.കെ ആശ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>,, ആർ രാമചന്ദ്രൻ<br>,, കെ .രാജൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം, ദേശീയ തലത്തിൽ അറുപത്തിയേഴ് ശതമാനത്തോളം ജനങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയപ്പോൾ കേരളത്തിലെ ജനസംഖ്യയുടെ എത്ര ശതമാനം പേരെയാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയതെന്ന് വിശദമാക്കുമോ; | (എ) ഗ്രാമങ്ങളിൽ 52.63%, നഗരങ്ങളിൽ 39.5% |
| (ബി) അതിന്റെ ഫലമായി സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെയും, മറ്റ് റേഷൻ സാധനങ്ങളുടെയും വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) 2 ലക്ഷം മെട്രിക് ടൺ ധാന്യത്തിന്റെ കുറവുണ്ടായിട്ടുണ്ട്. |
| (സി) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിൽ മുൻ സർക്കാർ വരുത്തിയതായി ആക്ഷേപിക്കപ്പെടുന്ന കാലതാമസം സംസ്ഥാനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (സി) 5-7-2013 മുതൽ പ്രാബല്യത്തിൽ വന്ന ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നിലവിൽ വന്ന് 365 ദിവസത്തിനുള്ളിൽ തന്നെ സംസ്ഥാനങ്ങളിൽ നടപ്പാക്കണമെന്നാണ് ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്നത്. 2.12.2013 ലെ സ.ഉ.(കൈ) നം.53/13/ഭ.സി.സ.വ ഉത്തരവ് പ്രകാരം ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. എന്നാൽ ഇത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത് ഏറെ വൈകിയാണ്. തുടർന്ന് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി, മാനദണ്ഡങ്ങൾ നിശ്ചയിച്ച്, പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുകയും വിവരശേഖരണം നടത്തുകയും ചെയ്തു, ഡാറ്റാ എൻട്രിയിലെ അപാകതകൾ പരിഹരിച്ച് എൻ.ഐ.സി. വികസിപ്പിച്ചെടുത്ത റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ |

ആഫീസുകളിലെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലേയും (ആകെ 81) മുൻഗണന/മുൻഗണന ഇതര കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കുകയും അതിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ എറണാകുളം സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ 05.03.16 മുതൽ പൊതു തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ശേഷിക്കുന്ന താലൂക്കുകളിലെ കരട് പട്ടിക പ്രസിദ്ധീകരിച്ചില്ല. 2015 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പും, 2016 ലെ നിയമസഭാ തെരഞ്ഞെടുപ്പും നടന്ന സമയങ്ങളിൽ ജീവനക്കാർ ഇലക്ഷൻ പ്രവർത്തനങ്ങളിൽ നിയോഗിക്കപ്പെട്ടതിനാലും, പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും ദേശീയഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്തു നടപ്പാക്കുന്നതിന്റെ പ്രവർത്തനങ്ങൾ വൈകുകയുണ്ടായി.

(ഡി) സംസ്ഥാനത്തിനവകാശപ്പെട്ട റേഷൻ വിഹിതം കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുക്കുന്നതിന് നടത്തുന്ന ശ്രമങ്ങൾ വിശദമാക്കുമോ?

(ഡി) ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

*സെക്ഷൻ ഓഫീസർ*